(ബി) അതിൽ ടെക്നിക്ക് സാംഗ്ഷൻ നൽകിയോ;

(സി) എങ്കിൽ ടെണ്ടർ ചെയ്യുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 52.710 ലക്ഷം രൂപയാണ്.

(ബി) ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുണ്ട്.

(സി) ഉടനെ ടെണ്ടർചെയ്തു പണി തുടങ്ങുന്നതാണ്.

കുന്നത്തൂർ റൂറൽ വാട്ടർ സപ്ലൈ സ്കീം

74 [113] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുന്നത്തൂർ റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പഞ്ചായത്ത് വിഹിതം തരാമെന്നു സമ്മതിച്ചിട്ടുണ്ടോ;

(സി) ഈ സ്കീമിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 10.34 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആലപ്പുഴ സർക്കിൾ ഓഫീസിൽ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

(ബി) വിഹിതം അടക്കാൻ പഞ്ചായത്ത് സമ്മതിച്ചിട്ടുണ്ട്.

(സി) എസ്റ്റിമേറ്റ് കിട്ടിക്കഴിഞ്ഞാൽ ഭരണാനുമതി നൽകുവാൻ നടപടി എടുക്കുന്നതാണ്.

പോരുവഴി റൂറൽ വാട്ടർ സപ്ലൈ സ്കീം

75 [114] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പോരുവഴി പഞ്ചായത്തിലെ റൂറൽ വാട്ടർ സപ്ലൈ സ്കീം വ്യാപകമാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരാണ് നിവേദനം സമർപ്പിച്ചത്;

(സി) അതിൻമേലുള്ള നടപടി എതുവരെയായി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. കല്ലട നാരായണൻ (എം. എൽ. എ.)

LIBRARY ARCHIVES Kerala Legislative Assembly

(സി) സൗത്ത് സർക്കിൾ സപ്ലൈ ഇറിഗേഷൻ എഞ്ചിനീയറോട് നിവേദനത്തിലെ ആവശ്യം പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

കുറ്റിപ്പുഴ പഞ്ചായത്ത്

76 [115] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുഴ പഞ്ചായത്തിനെ തിരുവല്ല മുനിസിപ്പാലിറ്റിയോട് ചേർക്കണമെന്ന നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെന്റ് അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം

77 [116] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ഈ സാമ്പത്തികവർഷത്തിൽ എത്ര പഞ്ചായത്തുകളിൽക്കൂടി ശുദ്ധജലവിതരണപദ്ധതിക്ക് പരിപാടിയുണ്ട്;

(ബി) ശുദ്ധജലവിതരണത്തിന്റെ മേൽനോട്ടം വഹിക്കുവാൻ ഒരു വാട്ടർബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഏലപ്പാറയിൽ ശുദ്ധജലവിതരണത്തിനു ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽ പണി ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴത്തെ 208 ഗ്രാമീണ ശുദ്ധജലവിതരണപദ്ധതികളുടെ പണി (213 പഞ്ചായത്തുകൾക്കു പ്രയോജനപ്പെടുന്ന) പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇവയിൽ 50 പദ്ധതികളും ഈ സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കാമെന്നു പ്രതീക്ഷിക്കുന്നു. ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്നതനുസരിച്ച് ഇക്കൊല്ലം ചില പദ്ധതികൾകൂടി (ത്വരിതഗമന ഗ്രാമീണ ശുദ്ധജലവിതരണപദ്ധതിയിൽപ്പെടുത്തി) ആരംഭിക്കുന്നതാണ്.

(ബി) ഒരു വാട്ടർ സപ്ലൈ ആൻഡ് സ്യൂവറേജ് ബോർഡ് രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

(സി) ഏലപ്പാറ ശുദ്ധജലവിതരണപദ്ധതിക്കുവേണ്ടിയുള്ള വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly